"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കണ്ണൂർ താലൂക്കിലെ കുണ്ടൻചാൽ കോളനിയിൽ ശ്രീ.ഗുരുനാഥൻ.എസ് എന്നിവരെ പുനഃരധിവസിപ്പിക്കുന്നതിനായി സർക്കാർ തയ്യാറാക്കിയ പട്ടികയിൽ നിന്ന് ഒഴിവാക്കികൊണ്ടും, ശ്രീമതി.ഇടച്ചേരിയൻ കമല എന്നവരെ പട്ടികയിൽ ഉൾപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.450/2025/DMD തീയതി,തിരുവനന്തപുരം, 01-07-2025

---

പരാമർശം:-

1. കണ്ണൂർ ജില്ലാ കളക്ടറുടെ 07/03/2025 ലെ DCKNR/8007/2018-DM1 നമ്പർ കത്ത്
2. ചിറക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 27/02/2025 ലെ SC3-420/2025 നമ്പർ കത്ത്
3. സ.ഉ(സാധാ)നം.700/2024/ഡിഎംഡി തീയതി 07/09/2024

**ഉത്തരവ്**

കണ്ണൂർ താലൂക്ക് ചിറക്കൽ അംശം പുഴാതി ദേശത്ത് കുണ്ടൻചാൽ കോളനിയിൽ താമസിച്ചിരുന്ന ശ്രീമതി.ഇടച്ചേരിയൻ കമല എന്നവർ മണ്ണിടിച്ചൽ ഭീഷണി മൂലം കഴിഞ്ഞ രണ്ട് വർഷമായി അവിടെ നിന്നും മാറി വാടകവീട്ടിൽ കഴിയുന്നതായും, പുനരധിവാസത്തിന് സർക്കാർ ധനസഹായം അനുവദിച്ചവരുടെ പട്ടികയിൽ ശ്രീമതി.കമല ഇടച്ചേരിയൻ എന്നവർ ഉൾപെട്ടിട്ടില്ലാത്തതിനാൽ ടിയാരിക്കും കുടുംബത്തിനും കുണ്ടൻചാലിൽ നിന്നും മാറി താമസിക്കുന്നതിന് സർക്കാരിൽ നിന്നുള്ള ധനസഹായം അനുവദിക്കാവുന്നതാണെന്ന് കണ്ണൂർ തഹസിൽദാർ ശുപാർശ ചെയ്തിട്ടുള്ളതായി പരാമർശം (1) പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) കണ്ണൂർ താലൂക്കിലെ ചിറക്കൽ വില്ലേജിലെ കുണ്ടൻചാൽ കോളനിയിൽ മണ്ണിടിച്ചൽ ഭീഷണി നേരിടുന്ന പ്രദേശത്തു നിന്നും മാറി താമസിക്കുന്നത്തിനായി സർക്കാർ 10 ലക്ഷം വീതം അനുവദിച്ചവരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ.ഗുരുനാഥൻ.എസ് എന്നവർ നിലവിൽ കുണ്ടൻചാൽ കോളനിയിൽ നിന്നും മാറിത്താമസിക്കാൻ താല്പര്യമില്ല എന്നറിയിച്ചിട്ടുള്ളതായും, ശ്രീ.ഗുരുനാഥൻ.എസ് എന്നവർക്ക് പുതിയ സ്ഥലം കണ്ടെത്തി മാറിത്താമസിക്കാൻ താത്പര്യം ഇല്ലാത്തതിനാൽ ഇദ്ദേഹത്തിന് പകരം ശ്രീമതി.ഇടച്ചേരിയൻ കമല എന്നവരെ സർക്കാർ പുനരധിവാസത്തിന് ധനസഹായം അനുവദിച്ചവരുടെ പട്ടികയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം ചിറക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ താലൂക്കിലെ ചിറക്കൽ വില്ലേജിലെ

കുണ്ടൻചാൽ കോളനിയിൽ മണ്ണിടിച്ചൽ ഭീഷണി നേരിടുന്ന പ്രദേശത്തു നിന്നും മാറിത്താമസിക്കാൻ തയ്യാറല്ല എന്നറിയിച്ചിട്ടുള്ള ശ്രീ.ഗുരുനാഥൻ.എസ് എന്നവരെ, പുനരധിവാസത്തിനായി സർക്കാർ 10 ലക്ഷം വീതം അനുവദിച്ചവരുടെ പട്ടികയിൽ നിന്ന് ഒഴിവാക്കികൊണ്ടും, ശ്രീമതി. ഇടച്ചേരിയൻ കമല എന്നുവരെ പുനരധിവസിപ്പിക്കേണ്ടവരുടെ പട്ടികയിൽ ഉൾപ്പെടുത്തി ഭൂമിയും വീടും വാങ്ങുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ,കണ്ണൂർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Kumari Rekha S R
Date: 02-07-2025 14:45:27
സെക്ഷൻ ഓഫീസർ